**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 426** **23-06-2026-ൽ മറുപടിയ്ക്ക്**

**കേരള ബ്രാന്റ് പദ്ധതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. പി. എ. മുഹമ്മദ് റിയാസ്

ശ്രീ. കെ. പ്രേംകുമാർ

ശ്രീ. വി. കെ. സനോജ്

**മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

**(എ)** മുൻ സർക്കാരിന്റെ കാലത്ത് വാണിജ്യത്തിനായി പ്രത്യേക ഡിവിഷൻ രൂപീകരിക്കണമെന്ന നിർദ്ദേശം ഉൾക്കൊണ്ട് പ്രത്യേക സംവിധാനത്തിന് രൂപം കൊടുത്തിട്ടുണ്ടോ; ഇത് കൂടുതൽ മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

**മറുപടി:**

സംസ്ഥാനത്തിന്റെ വാണിജ്യ മേഖലയിൽ സാമ്പത്തിക വളർച്ചയും സുസ്ഥിര വികസനവും പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 2018-ൽ രൂപീകരിച്ച വാണിജ്യ മിഷന്റെ പ്രവർത്തനങ്ങൾ 2023-ലെ വ്യവസായ നയത്തിനനുസൃതമായി കാര്യക്ഷമമാക്കുന്നതിന് ലക്ഷ്യമിട്ട് കൊണ്ട് സ.ഉ.(കൈ) നം.5/2024/ID തീയതി 29.01.2024 എന്ന ഉത്തരവ് പ്രകാരം വ്യവസായ വകുപ്പിന് കീഴിൽ പ്രത്യേക വാണിജ്യ വിഭാഗം രൂപീകരിച്ചിട്ടുണ്ട്.

കേരളത്തിലെ വാണിജ്യ മേഖലയെ ശക്തിപ്പെടുത്തുന്നതിനുള്ള സംവിധാനമാണ് കോമേഴ്സ് മിഷൻ. മാറുന്ന കാലത്തെ ബിസിനസ് അന്തരീക്ഷത്തിന്റെ ആവശ്യങ്ങൾ കണക്കിലെ ടുത്ത്, വ്യാപാര വാണിജ്യ മേഖലയ്ക്ക് ഊന്നൽ നൽകുക, വ്യാവസായിക വാണിജ്യ പരിസ്ഥിതി യുടെ ആവശ്യങ്ങൾക്ക് അനുസൃതമായി നയങ്ങൾ ആവിഷ്കരിക്കുക, നടപ്പാക്കുക, അവ നിരീക്ഷിക്കുക എന്നതാണ് കോമേഴ്സ് മിഷൻ കൊണ്ട് ഉദ്ദേശിക്കുന്നത്.

**(ബി)** കേരളത്തിൽ നിർമ്മിക്കുന്ന ഉല്പന്നങ്ങൾ, നൽകുന്ന സേവനങ്ങൾ എന്നിവയ്ക്ക് ആഗോള ഗുണനിലവാരം കൊണ്ടുവന്ന് അന്താരാഷ്ട്ര വിപണിയിൽ വിപണന സാധ്യത കൂട്ടുന്നതിനായി 'കേരള ബ്രാന്റ്' എന്ന പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

**മറുപടി:** ഉണ്ട്. ഉത്തരവാദിത്തത്തോടെ നിർമിച്ച്, ഉയർന്ന ഗുണമേന്മ ഉറപ്പാക്കുന്ന സംസ്ഥാനത്തെ ഉൽപ്പന്നങ്ങളെ ആഗോള വിപണിയിലേക്ക് എത്തിക്കുക എന്നതാണ് കേരള ബ്രാൻഡ് എന്ന പദ്ധതിയുടെ പ്രധാന ലക്ഷ്യം. കേരള ബ്രാൻഡ് സർട്ടിഫിക്കേഷൻ നേടുന്ന ഉൽപന്നങ്ങൾ "മെയ്ഡ് ഇൻ കേരള" എന്ന ബ്രാൻഡ് നാമത്തിൽ തദ്ദേശീയ വിദേശ കമ്പോളങ്ങളിൽ വില്പന നടത്താനുള്ള പദ്ധതി കൂടിയാണ് "കേരള ബ്രാൻഡ്". സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട സംരംഭക മേഖലയിലെ ഉൽപ്പന്നങ്ങൾക്ക് ആഗോള വിപണി പ്രവേശം ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെ കേരള ബ്രാൻഡ് പദ്ധതിയുടെ ഭാഗമായി 2026 ഫെബ്രുവരി 17, 18 തീയതികളിൽ അന്താരാഷ്ട്ര ബയർ-സെല്ലർ മീറ്റ് "ട്രേഡെക്സ് കേരള 2026 " കൊച്ചിയിൽ സംഘടിപ്പിച്ചിരുന്നു. ആദ്യ ഘട്ടത്തിൽ വെളിച്ചെണ്ണയാണ് കേരള ബ്രാൻഡ് നൽകുന്നതിന് തെരഞ്ഞെടുത്തത്. കോഫി, ചായ, തേൻ, നെയ്യ്, പാക്കേജ്ഡ് കുടിവെള്ളം

എന്നിവയും ഭക്ഷ്യേതര വിഭാഗത്തിൽ പ്ലൈവുഡ്, പാദരക്ഷകൾ, പി.വി.സി പൈപ്പുകൾ, സർജിക്കൽ റബ്ബർ ഗ്ലൗസ്, കാലിത്തീറ്റ എന്നീ പുതിയ 10 ഉൽപന്നങ്ങളെ കേരള ബ്രാൻഡ് പദ്ധതിയുടെ ഭാഗമാക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ 24.10.2025 ലെ സ.ഉ.(സാധാ) നം.1346/2025/വ്യവ പ്രകാരം അംഗീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ ഫീൽഡ് തലത്തിലുള്ള നിർവഹണത്തിന് ടി സർക്കാർ ഉത്തരവിൽ ചില മാറ്റങ്ങൾ അനിവാര്യമായതിനാൽ, കേരള ബ്രാൻഡ് പദ്ധതിയുടെ സംസ്ഥാനതല കമ്മിറ്റി അംഗീകരിച്ചിട്ടുള്ള മാറ്റങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള പുതിയ പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു.

**(സി)** ഇത് ആഗോള വിപണിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് എത്രത്തോളം സഹായകരമായിട്ടുണ്ട്; വിശദമാക്കാമോ;

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**(ഡി)** പുതിയ ഉല്പന്നങ്ങളെ കേരള ബ്രാന്റ് സർട്ടിഫിക്കേഷനായി തെരഞ്ഞെടുത്ത് പദ്ധതി കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**